www.gospelinmalayalam.com

# REVELATION


## CHAPTER - 8

**പ്രധാന വിഷയങ്ങൾ**

1. സ്വർഗ്ഗത്തിലെ മൗനം 8:1
2. ഏഴു മാലാഖമാർ 7 കാഹളം 8:2
3. ധൂപാർപ്പണ പ്രാർത്ഥന 8:3 - 4
4. വരുവാനിരിക്കുന്ന ന്യായവിധി 8:5
5. ഏഴു കാഹളമുള്ള ദൂതൻമാർ 8:6
6. കഴുകന്റെ മുന്നറിയിപ്പ് 8:13

6-ാം അദ്ധ്യായത്തിന്റെ തുടർച്ചയാണ് 8-ാം അധ്യായം. 7-ാമത്തെ മുദ്ര പൊട്ടിക്കുമ്പോൾ തുടങ്ങുന്ന സംഭവങ്ങൾ 8:1 മുതൽ 19:10 ൽ വരെയുള്ള സംഭവങ്ങൾക്ക് ആരംഭം കുറിക്കുന്നു.

7-ാം മുദ്രയിൽ പെട്ടതാണ് 7 കാഹള ന്യായവിധികൾ. 7 ന്യായവിധികളിൽ പെട്ടതാണ് 7 ക്രോധകലശ ന്യായവിധി. ഇതിന്റെ അർത്ഥം 7 മുദ്രകളിൽ സർവ്വവും അടങ്ങിയിരിക്കുന്നു.




8:1 *അവൻ ഏഴാം മുദ്ര പൊട്ടിച്ചപ്പോൾ സ്വർഗ്ഗത്തിൽ ഏകദേശം അര മണിക്കൂറോളം മൗനത ഉണ്ടായി.*

ഏഴാം മുദ്ര പൊട്ടിച്ചപ്പോൾ സ്വർഗ്ഗത്തിൽ ഏകദേശം അര മണിക്കൂർ മൗനത ഉണ്ടായി. ഇനി നടക്കുവാനുള്ള സംഗതികളുടെ ഭീകരത ഈ മൗനത്തിൽ നിന്നും മനസ്സിലാക്കാം. ഇത് ആക്ഷരികമായിട്ടുള്ള (literal) time period ആകണമെന്നില്ല. A Specific Period അത് എത്രയെന്ന് ദൈവം അറിയുന്നു.

പ്രവചന ഭാഷയിൽ ഒരു ദിവസം - 1 വർഷം

1 hour = 1/24 of a day = 2 weeks (approx)

1/2 hour = 1 week


Fleettech, Puthuppally 0481 2351 626

**നോഹയുടെ കാലത്തെ നിശബ്ദത**

Gen 7:1-4 അനന്തരം യഹോവ നോഹയോടു കല്പിച്ചതെന്തെന്നാൽ : നീയും സർവ്വകുടുംബവുമായി പെട്ടകത്തിൽ കടക്ക; ഞാൻ നിന്നെ ഈ തലമുറയിൽ എന്റെ മുമ്പാകെ നീതിമാനായി കണ്ടിരിക്കുന്നു. ശുദ്ധിയുള്ള സകല മൃഗങ്ങളിൽ നിന്നും ആണും പെണ്ണുമായി ഏഴേഴും, ശുദ്ധിയില്ലാത്ത മൃഗങ്ങളിൽ നിന്നും ആണും പെണ്ണുമായി ഈ രണ്ടും, ആകാശത്തിലെ പറവകളിൽ നിന്നു പൂവനും പിടയുമായി ഏഴേഴും, ഭൂമിയിലൊക്കെയും സന്തതി ശേഷിച്ചിരിക്കേണ്ടതിനു നീ ചേർത്തുകൊള്ളേണം. ഇനി ഏഴു ദിവസം കഴിഞ്ഞിട്ടു ഞാൻ ഭൂമിയിൽ നാല്പതു രാവും നാല്പതു പകലും മഴ പെയ്യിക്കും.

ഈ ഏഴു ദിവസം പെട്ടകത്തിന് അകത്തുള്ളവർക്കും പുറത്തുള്ളവർക്കും ആത്മ പരിശോധനകൾക്കുള്ള ഒരു സമയമായിരുന്നു. മഴ പെയ്യും എന്നു പറഞ്ഞ് പെട്ടകത്തിനുള്ളിൽ കയറിയവർ പുറത്തു സൂര്യൻ ഉദിച്ചു നില്ക്കുന്നതു കണ്ടിട്ടുള്ള ചിന്തകളുമായും - പുറത്തു നില്ക്കുന്നവരിൽ അകത്തു കടക്കണമെന്ന് ആദ്യം ചിന്തയുണ്ടായിരുന്നവരും ഒക്കെ അവരുടെ യഥാർത്ഥ സ്വഭാവം പുറത്തു കാണിക്കുന്ന സമയമായിരിക്കും.

ആ 7 ദിവസത്തെ നിശബ്ദതക്കുശേഷം നോഹ പ്രവചിച്ചിരുന്ന, പ്രസംഗിച്ചിരുന്നതായ മഴ ശക്തിയോടു കൂടി വീണു.

ഒരു warning - അപകട സൂചന, മുന്നറിയിപ്പ്.

ഒരു നിശബ്ദത- a brief silence ആത്മ പരിശോധനക്കും തീരുമാനത്തിനും

ന്യായവിധി - നീതിമാൻമാർക്കു രക്ഷയും, ദുഷ്ടൻമാർക്ക് (നീതികെട്ടവർക്ക്) ശിക്ഷയും.

Mt.24:37-39 നോഹയുടെ കാലം പോലെ തന്നെ മനുഷ്യപുത്രന്റെ വരവും ആകും. ജലപ്രളയത്തിന് മുമ്പുള്ള കാലത്ത് നോഹ പെട്ടകത്തിൽ കയറിയ നാൾവരെ അവർ തിന്നും കുടിച്ചും വിവാഹം കഴിച്ചും വിവാഹത്തിനു കൊടുത്തും പോന്നു. ജലപ്രളയം വന്നു എല്ലാവരേയും നീക്കിക്കളയുവോളം അവർ അറിഞ്ഞതുമില്ല. മനുഷ്യപുത്രന്റെ വരവ് അങ്ങനെ തന്നെ ആകും.

Eze.3:14-15 ..അവരുടെ മദ്ധ്യേ **ഏഴു ദിവസം** സ്തംഭിച്ചുകൊണ്ടു പാർത്തു. **ഏഴു ദിവസം** കഴിഞ്ഞിട്ടു യഹോവയുടെ അരുളപ്പാടു എനിക്കുണ്ടായതു എന്തെന്നാൽ:...

Ps.46:6,8-10 ജാതികൾ ക്രുദ്ധിച്ചു... ; 8-10- അന്ത്യകാല പ്രവചനം

യഹോവയുടെ പ്രത്യക്ഷതയെപ്പറ്റി പഴയ നിയമത്തിൽ പ്രവചിക്കുന്ന സന്ദർഭത്തിൽ ഇത്തരം മൗനത ഉണ്ടായതായി പരാമർശങ്ങൾ ഉണ്ട്.

സെഫന്യാവ് . യെഹൂദയുടെ വിവിധ പാപങ്ങൾ നിമിത്തം അവർക്കെതിരായര ദൈവത്തിന്റെ കഠിനമായ ന്യായവിധികൾ പ്രവചിക്കുന്നു. യഹോവയുടെ ദിവസം . ന്യായവിധി

സെഫ:1:7 യഹോവയായ കർത്താവിന്റെ സന്നിധിയിൽ മിണ്ടാതിരിക്ക; യഹോവയുടെ ദിവസം അടുത്തിരിക്കുന്നു. യഹോവ ഒരു യാഗസദ്യ ഒരുക്കി താൻ ക്ഷണിച്ചവരെ ശുദ്ധീകരിച്ചുമിരിക്കുന്നു.

സെഖര്യാവ് . പ്രവാസാനന്തര പ്രവാചകൻ . (ഒരു ലേവ്യൻ)

സെഖ:2:13 സകലജഡവുമായുള്ളോരേ; യഹോവയുടെ മുമ്പിൽ മിണ്ടാതിരിപ്പിൻ; അവൻ തന്റെ വിശുദ്ധ നിവാസത്തിൽ നിന്ന് എഴുന്നരുളിയിരിക്കുന്നു.

എന്തായാലും ഈ നിശബ്ദത ഒരു ചുരുങ്ങിയ സമയത്തേക്കു മാത്രമായിരിക്കും.-ഭൂമിയുടെ മേൽ വരുവാൻ പോകുന്ന ഭീകര ന്യായവിധി ആരംഭിക്കുവാൻ സമയമായി.

Rev.8:2 ***അപ്പോൾ ദൈവസന്നിധിയിൽ, ഏഴു ദൂതൻമാർ നിൽക്കുന്നതു ഞാൻ കണ്ടു; അവർക്കു ഏഴു കാഹളം ലഭിച്ചു.***

www.gospelinmalayalam.com

**ഏഴു ദൂതൻമാർ ഏഴു കാഹളം**

(ഊരിയേൽ, റാഫേൽ, റഗുവേൽ, മീഖായേൽ, സറാഖായേൽ, ഗബ്രിയേൽ, റമിയേൽ).... എന്നിങ്ങനെ ഏഴു ദൂതൻമാരുടെ പേരുകൾ യഹൂദ അപ്പോക്രിഫാ പുസ്തകങ്ങളിൽ പറയുന്നു (**തോബിത് 12:15**).

എല്ലാ ദൂതൻമാരുടേയും പേരുകൾ അവസാനിക്കുന്നത് 'യേൽ' എന്ന ശബ്ദത്തിലാണ്. ഇതിന് ദൈവം എന്നാണർത്ഥം.

ഈ 7 മാലാഖമാർ ഒരു പ്രത്യേക ഗണമായിരുന്നെന്ന് വിചാരിക്കാം, സന്മുഖ ദൂതൻ Angel of presence) എന്നു യെശയ്യാവ് പറയുന്നത് ഇതിൽ ഒരാളെപ്പറ്റിയാവാം. (63:9). വെളിപ്പാടിൽ അവരുടെ ദൗത്യം ബാധകളെ പറ്റി ഭൂവാസികളെ അറിയിക്കുകയാണ്.

അടുത്ത ദർശനത്തിൽ ദൈവകോപത്തിന്റെ ഏഴു കലശങ്ങൾ വഹിക്കുന്നതും ഈ ദൂതൻമാർ തന്നെയായിരിക്കണം. (വെളി. 15:1, 6 -8, 16:1 ,17:1, 21 : 9)

*വെളിപ്പാടിൽ യുഗാന്ത്യത്തിന്റെ സൂചനയാണ് കാഹളം.*

*സെഫന്യാവിന്റെ പ്രവചനത്തിൽ ഇത് ന്യായവിധിയുടെ ശബ്ദമാണ്.*

Zep.1:15-16 ആ ദിവസം ക്രോധ ദിവസം, കഷ്ടവും സങ്കടവും ഉള്ള ദിവസം, ശൂന്യതയും നാശവും ഉള്ള ദിവസം, ഇരുട്ടും അന്ധകാരവുമുള്ള ദിവസം, ഉറപ്പുള്ള പട്ടണങ്ങൾക്കും ഉയരമുള്ള കൊത്തളങ്ങൾക്കും വിരോധമായി **കാഹളനാദവും** ആരവവും ഉള്ള ദിവസം തന്നെ.

യിസ്രായേൽ ജാതിയുമായുള്ള ബന്ധത്തിൽ കാഹളം എപ്പോഴെല്ലാം ഉപയോഗിക്കും? യുദ്ധം, ആരാധന, പൊതുസമ്മേളനം, യോവേൽ വർഷം, കൂടാര പെരുന്നാൾ, ന്യായവിധി, ദൈവിക സാന്നിദ്ധ്യം. Exo. 19:6, Amos. 3:5, Zaph. 1:14-16

Joshua.6:8 യോശുവ ജനത്തോടു: പറഞ്ഞു തീർന്നപ്പോൾ ആട്ടിൻകൊമ്പുകൊണ്ടുള്ള 7 കാഹളം പിടിച്ചുകൊണ്ടു 7 പുരോഹിതൻമാർ യഹോവയുടെ മുമ്പിൽ നടന്നു കാഹളം ഊതി.

യെരിഹോയുടെ ന്യായവിധി - 7 പുരോഹിതൻമാർ 7 കാഹളം ഊതുന്നു.

ദുഷ്ടലോകത്തിന്റെ ന്യായവിധി - 7 ദൂതൻമാർ 7 കാഹളം ഊതുന്നു.

**കാഹളം** 1) **മുന്നറിയിപ്പ്**- ഉറക്കത്തിൽ നിന്ന് ഉണർത്തുന്നതിനോ അപകടത്തെ പറ്റി മുന്നറിയിപ്പ് നല്കുന്നതിനോ

2) **പ്രഖ്യാപനം** - രാജകീയ എഴുന്നള്ളത്തിനെപ്പറ്റിയോ, രാജകീയ വിളംബരത്തെപ്പറ്റിയോ ജനത്തെ അറിയിക്കാൻ.

3) **ആജ്ഞ** - നൽകുന്നതിന് വേണ്ടിയും, വിളിച്ചു കൂട്ടുന്നതിനു വേണ്ടിയും (യുദ്ധത്തിന്)

Rev.8:3,4 *മറ്റൊരു ദൂതൻ ഒരു സ്വർണ്ണധൂപകലശവുമായി വന്നു യാഗപീഠത്തിനരികെ നിന്നു. സിംഹാസനത്തിൻ മുമ്പിലുള്ള സ്വർണ്ണപീഠത്തിൻമേൽ സകല വിശുദ്ധൻമാരുടേയും പ്രാർത്ഥനയോടു ചേർക്കേണ്ടതിന് വളരെ ധൂപവർഗ്ഗം അവനു കൊടുത്തു.*

*ധൂപവർഗ്ഗത്തിന്റെ പുക വിശുദ്ധൻമാരുടെ പ്രാർത്ഥനയോടു കൂടെ ദൂതന്റെ കയ്യിൽ നിന്ന് ദൈവസന്നിധിയിലേക്ക് കയറി.*

5:8 നോട് സാമ്യമുള്ള കാര്യങ്ങളാണ് ഇവിടെ സംഭവിക്കുന്നത്. കാഹളം ഊതുവാൻ തയാറായി നിൽക്കുന്ന 7 ദൂതൻമാരിൽ നിന്നും വ്യത്യസ്തനായ ഒരുവൻ.

ഇവിടെ പല നാടകീയ ഭാഗങ്ങളും വിവരിച്ചിരിക്കുന്നു. ദൂതൻ, സ്വർണ്ണയാഗപീഠം (alter) സ്വർണ്ണ ധൂപകലശം (Golden censer)



www.gospelinmalayalam.com

Tabernacle in the desert - താമ്രധൂപകലശം. It was made of copper it was used to bring coal from the brazen alter outside the Tabernacle to the alter inside)

Later on when the temple was built, Solomon used censer (ധൂപകലശം) made of gold

I king.7-50, 2 Chro.4:22

Golden censors- ഇവിടെ വിവരിച്ചിരിക്കുന്നത് വിശുദ്ധൻമാരുടെ പ്രാർത്ഥനയുടെ ഒരു symbolic explanation നു വേണ്ടിയാണ്. അതിൽ കത്തി കനൽ ആയിത്തീർന്ന കരി / കൽക്കരി ഉണ്ട്. Incence അതിലേക്കിടുമ്പോൾ ധൂപം പുറപ്പെടുന്നു. (പള്ളിയിലെ ധൂപക്കുറ്റി..)

അതായത് ധൂപകലശത്തിൽ കത്തുന്ന കരി, മറ്റൊരു പാത്രത്തിൽ incence (സുഗന്ധവർഗ്ഗം) യാഗപീഠത്തിന്റെ അടുത്തെത്തുമ്പോൾ incence ധൂപകലശത്തിലേക്കിടും. അപ്പോൾ ധൂപം നിറയുന്നു. ഈ ധൂപം പ്രാർത്ഥനയുടെ Symbol.

ധൂപ കലശത്തിൽ നിന്നുള്ള സുഗന്ധമായ പുക വിശുദ്ധൻമാരുടെ പ്രാർത്ഥനയോടു കൂടെ ദൂതന്റെ കയ്യിൽ നിന്നു ദൈവസന്നിധിയിലേക്കു കയറി.

(ബലഹീനനായ മനുഷ്യന്റെ കുറവുള്ളതായ പ്രാർത്ഥനകൾ കുറവു തീർത്ത് സ്വർഗ്ഗത്തിൽ സുഗന്ധമാകുന്ന രീതിയിലേക്കു മാറ്റി ദൈവ സന്നിധിയിൽ എത്തിക്കുന്നു. **റോമർ 8:26**)

യാഗത്തിനും ധൂപാർപ്പണത്തിനുമായി 2 യാഗപീഠങ്ങൾ യെറുശലേം ദേവാലയത്തിൽ ഉണ്ടായിരുന്നു. എന്നാൽ സ്വർഗ്ഗീയ ആലയത്തിൽ ഒരു യാഗപീഠമേയുള്ളൂ. (Rev 6:9, 9:13, 14:18, 16:7)

Exo.37:25 Alter of Incense - ധൂപയാഗപീഠം, ധൂപപീഠം

Exo.38:1 Alter of burnt offering - ഹോമയാഗപീഠം

Rev.8:5 ദൂതൻ ധൂപകലശം എടുത്ത് യാഗപീഠത്തിലെ കനൽ നിറെച്ചു ഭൂമിയിലേക്കെറിഞ്ഞു; ഉടനെ ഇടിമുഴക്കവും നാദവും മിന്നലും ഭൂകമ്പവും ഉണ്ടായി.

വരുവാനിരിക്കുന്ന ന്യായവിധിയുടെ മുന്നോടി!

ധൂപങ്ങളാകുന്ന പ്രാർത്ഥനയുടെ അന്തരീക്ഷം പെട്ടന്നു ശിക്ഷാവിധിയുടെ രംഗമായിത്തീരുന്നു.

യാഗപീഠത്തിലെ തീക്കനൽ ഭൂമിയിൽ വെളിപ്പെടാനിരിക്കുന്ന ദൈവകോപത്തിന്റെ പ്രതീകമാണ്.

യെഹസ്കിയേൽ പ്രവാചകന്റെ ദർശനത്തിലും ശണവസ്ത്രം ധരിച്ച ഒരാൾ കെരൂബുകളുടെ ഇടയിൽ നിന്നും കൈ നിറയെ തീക്കനൽ വാരി നഗരത്തിന് മേൽ എറിയുന്നതായി കാണുന്നു. (**യെഹ.10:2-7**) ഇപ്പോൾ വെളിപ്പെടുന്ന ഈ ദൈവകോപത്തിന് വിശുദ്ധൻമാരുടെ പ്രാർത്ഥന പങ്കുവഹിച്ചിരിക്കണം. 6:10- ലുള്ള പ്രാർത്ഥനയ്ക്ക് ഇവിടെ ഭാഗികമായി ഉത്തരം ലഭിക്കുന്നു.

ഭൂമിയുടെ ന്യായവിധി തുടരുന്നു. ഇടിമുഴക്കവും നാദവും അതിന്റെ Symbol.

Rev.8:6 *ഏഴു കാഹളമുള്ള ദൂതൻമാർ എഴുവരും കാഹളം ഊതുവാൻ ഒരുങ്ങി നിന്നു.*

7 Angels ready to sound their trumpets- 7 കാഹള ന്യായവിധി ഭൂമിമേൽ ഉണ്ടാകുവാൻ പോകുന്നു.

ആദ്യ 4 കാഹളങ്ങളും ഊതുമ്പോഴുള്ള സംഭവവികാസങ്ങൾ ഒരേ രീതിയിലാണ്. ആദ്യ 4 ബാധകൾ പ്രകൃതിയെയാണ് ലക്ഷ്യമിടുന്നത്.

Rev 8:7 *ഒന്നാമത്തവൻ ഊതി; അപ്പോൾ രക്തം കലർന്ന കല്മഴയും തീയും ഭൂമിമേൽ ചൊരിഞ്ഞിട്ടു ഭൂമിയിൽ മൂന്നിലൊന്നു വെന്തുപോയി, വൃക്ഷങ്ങളിൽ മൂന്നുലൊന്നു വെന്തുപോയി; എല്ലാ*


www.gospelinmalayalam.com

*പച്ചപ്പുല്ലും വെന്തുപോയി.*

**TRUMPET 1**

Hail storm കല്മഴ

ഭൂമിയിൽ 1/3 വെന്തുപോയി

വൃക്ഷങ്ങളിൽ 1/3 വെന്തുപോയി

എല്ലാ പച്ചപ്പുല്ലും വെന്തുപോയി

കഴിഞ്ഞ വർഷങ്ങളിൽ തന്നെ എത്ര Forest fires ലോകത്തിലുണ്ടായി. Indonesia, USA, Australia മുതലായ സ്ഥലങ്ങളിൽ നാം ഇതൊക്കെ കണ്ടുകഴിഞ്ഞു.

**Exo.9:24** ബാധ

Rev.8:8,9 *രണ്ടാമത്തെ ദൂതൻ ഊതി; അപ്പോൾ തീ കത്തുന്ന വൻമലപോലെയൊന്നു സമുദ്രത്തിലേക്കെറിഞ്ഞിട്ടു കടലിൽ മൂന്നിലൊന്നു രക്തമായിത്തീർന്നു. സമുദ്രത്തിൽ പ്രാണനുള്ള സൃഷ്ടികളിൽ മൂന്നിലൊന്നു ചത്തുപോയി.; കപ്പലുകളിലും മൂന്നിലൊന്നു ചേതം വന്നു.*

**TRUMPET 2**

ഇത് അക്ഷരികമായി സംഭവിക്കാനുള്ള ഒന്നുപോലെ കരുതപ്പെടുന്നു. ഒരു വലിയ External Body (Meteorite, or comet) എന്തുമാകാം ഭൂമിയിലേക്കു വീഴുന്ന തീ കത്തുന്ന വൻമലപോലെ.

ഇത്തരമൊന്നു കടലിൽ വീണാൽ എന്തുസംഭവിക്കും.

കടലിന്റെ മൂന്നിലൊന്നു രക്തമായി തീർന്നു. രക്തം എന്നത് Symbolic for Judgemment

സമുദ്രത്തിലെ ജീവികൾ ചാവും 1/3 കടലിലെ സകല കപ്പലും തകരും.

സമുദ്രത്തിൽ 1/3 ships destroyed.

8:10,11 *മൂന്നാമത്തെ ദൂതൻ ഊതി; അപ്പോൾ ദീപം പോലെ ജ്വലിക്കുന്ന ഒരു മഹാനക്ഷത്രം ആകാശത്തുനിന്നു വീണു; നദികളിൽ മൂന്നിലൊന്നിന്മേലും നീരുറവുകളിന്മേലും ആയിരുന്നു വീണതു.ആ നക്ഷത്രത്തിനു കാഞ്ഞിരം എന്നു പേർ; വെള്ളത്തിൽ മൂന്നിലൊന്നു കാഞ്ഞിരം പോലെ ആയി; വെള്ളം കയ്പ്പായതിനാൽ മനുഷ്യരിൽ പലരും മരിച്ചുപോയി.*

**TRUMPET 3**

രണ്ടാമത്തെ കാഹളം കടലിനെയാണ് affect ചെയ്തതെങ്കിൽ മൂന്നാമത്തെ കാഹളം "കുടിവെള്ളത്തെ" ബാധിക്കുന്നു.

ആകാശത്തിൽ നിന്നു വീഴുന്ന ഒരു നക്ഷത്രം A shooting star - a comet- broken into Pieces and falling into rivers. Let us imagine it fell in Ganges, Jamuna & Brahmaputra, എല്ലാം ഹിമാലയത്തിൽ നിന്നും പുറപ്പെടുന്ന നദികൾ. വീണ നക്ഷത്രത്തിന് "കാഞ്ഞിരം" എന്നു പേർ. കാഞ്ഞിരം ചവച്ചു നോക്കിയിട്ടുണ്ടോ?-കൈപ്പ്.

ഭൂമിയുടെ 1/3rd sweet water source കാഞ്ഞിരമായി മാറി. "Wormwood" - പഴയനിയമത്തിൽ "കാഞ്ഞിരം wormwood" എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത് സങ്കടത്തെയും കൈപ്പിനേയും കാണിക്കാനാണ്.

Deut.29:17 Prove 5:4 Jer 9:15, 23:15 Lam: 3:15, 19 Amos 5:7

Proverb.5:4 പിന്നത്തേതിലോ അവൾ കാഞ്ഞിരം പോലെ കയ്പ്പും ഇരുവാൾത്തലപോലെ മൂർച്ചയും ഉള്ളവൾ തന്നേ.



www.gospelinmalayalam.com

Jer.9:15

Jer.23:15 യിസ്രായേലിന്റെ ദൈവമായ സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: ഞാൻ ഈ ജനത്തെ കാഞ്ഞിരം കൊണ്ടു പോഷിപ്പിച്ചു നഞ്ചുവെള്ളം കുടിപ്പിക്കും.

Lam.3:15 അവൻ എന്നെ കൈപ്പുകൊണ്ടു നിറെച്ചു, കാഞ്ഞിരം കൊണ്ടു മത്തുപിടിപ്പിച്ചിരിക്കുന്നു.

Lam.3:19 നീ എന്റെ കഷ്ടതയും അരിഷ്ടതയും കാഞ്ഞിരവും കൈപ്പും ഓർക്കേണമേ.

Amos.5:7 ന്യായത്തെ കാഞ്ഞിരമാക്കി തീർക്കുകയും നീതിയെ നിലത്തു തള്ളിയിട്ടുകളയുകയും ചെയ്യുന്നവരേ..................

ഈ നക്ഷത്രം വീണ നദികളിൽ നിന്നും കുടിച്ചവർ ഒക്കെ മരിച്ചു. - A great loss of life.-

കർത്താവ് ഈ കാലത്തെ പറ്റി പ്രവചിച്ചിട്ടുണ്ട്.

Mat.24-29 ആ കാലത്തിലെ കഷ്ടം കഴിഞ്ഞ ഉടനെ സൂര്യൻ ഇരുണ്ടുപോകും ചന്ദ്രൻ പ്രകാശം കൊടുക്കാതിരിക്കും **നക്ഷത്രങ്ങൾ ആകാശത്തു നിന്നു വീഴും** ആകാശത്തിലെ ശക്തികൾ ഇളകിപ്പോകും.

Rev.8:12 *നാലാമത്തെ ദൂതൻ ഊതി; അപ്പോൾ സൂര്യനിൽ മൂന്നിലൊന്നിനും ചന്ദ്രനിൽ മൂന്നിലൊന്നിനും നക്ഷത്രങ്ങളിൽ മൂന്നിലൊന്നിനും ബാധ തട്ടി; അവയിൽ മൂന്നിലൊന്നു ഇരുണ്ടുപോയി രാവും പകലും മൂന്നിലൊന്നു വെളിച്ചമില്ലാതെയായി.*

**<u>TRUMPET 4</u>**

(1) ഉം (2) ഉം (3) ഉം കാഹളമായ വിധികൾ ഭൂമിയിലും മനുഷ്യനിലും കടലിലും നദികളിലും 1/3$^{rd}$ നു നാശം വരുത്തി. ഈ 4-ാം മത്തെ കാഹളം വാനഗോളങ്ങളിൽ 1/3$^{rd}$ ന്റെ നാശം പ്രസ്താവിക്കുന്നു.

**Exo.10:22** ബാധ

ഇവിടെ നാം ഓർക്കണം. ആകാശത്തിന്റെ ശക്തികൾ ഇളകിപ്പോകും എന്നു കർത്താവ് പ്രവചിച്ചിട്ടുണ്ട്.

Mat.24-29 ആ കാലത്തിലെ കഷ്ടം കഴിഞ്ഞ ഉടനെ സൂര്യൻ ഇരുണ്ടുപോകും ചന്ദ്രൻ പ്രകാശം കൊടുക്കാതിരിക്കും നക്ഷത്രങ്ങൾ ആകാശത്തു നിന്നു വീഴും **ആകാശത്തിലെ ശക്തികൾ ഇളകിപ്പോകും.**

Lk:21:25-26 സൂര്യനിലും ചന്ദ്രനിലും നക്ഷത്രങ്ങളിലും ലക്ഷ്യങ്ങളുണ്ടാകും. കടലിന്റെയും ഓളത്തിന്റെയും മുഴക്കം നിമിത്തം ഭൂമിയിലെ ജാതികൾക്കു നിരാശയോടു കൂടിയ പരിഭ്രമം ഉണ്ടാകും. **ആകാശത്തിന്റെ ശക്തികൾ ഇളകി പോകുന്നതിനാൽ** ഭൂലോകത്തിന് എന്തു ഭവിപ്പാൻ പോകുന്നു എന്ന് പേടിച്ചും നോക്കി പാർത്തും കൊണ്ട് മനുഷ്യർ നിർജീവൻമാർ ആകും.

Rev.8:13 *അനന്തരം ഒരു കഴുക്: ഇനി കാഹളം ഊതുവാനുള്ള മൂന്നു ദൂതന്മാരുടെ കാഹളനാദം ഹേതുവായി ഭൂവാസികൾക്കു കഷ്ടം, കഷ്ടം, കഷ്ടം എന്നു ഉറക്കെ പറഞ്ഞുകൊണ്ടു ആകാശമദ്ധ്യേ പറക്കുന്നതു ഞാൻ കാൺകയും കേൾക്കയും ചെയ്തു.*

ഇത് warning ആണ്. ഇനിയുള്ള -3- കാഹളങ്ങൾ ഭീകരമാണ് എന്നുള്ള declaration. കഴുകൻ പറന്ന് ഈ വിവരം അറിയിക്കുന്ന കാഴ്ച യോഹന്നാൻ കാണുകയും കേൾക്കുകയും ചെയ്തു.

കഴുകൻ മൂന്നു വട്ടം ഭൂവാസികൾക്ക് കഷ്ടം കഷ്ടം കഷ്ടം എന്ന് 3 പ്രാവശ്യം വിളിച്ചു പറയുന്നത് അടുത്ത 3 കാഹളങ്ങളെ ഉദ്ദേശിച്ചാവാം. കഴുകന്റെ ഈ വിളംബരം വരുവാനുള്ള കഷ്ടതയുടെ കാഠിന്യത്തെ ഓർപ്പിക്കുന്നു. ബിലയാമിന്റെ കഴുതയെ കൊണ്ട് സംസാരിപ്പിച്ച ദൈവം ഇവിടെ കഴുകനിലൂടെ സംസാരിക്കുന്നു.

www.gospelinmalayalam.com